തിപരിവ് ഗ്രാമപ്പ ഖാൻബഹദ്ദർ ആറക്കോ
ത്തുകളെ ഏല്പിക്കും യത്തങ്ങാടി അന്തരിച്ചു

നമെന്നനിലക്കു മദ്രാശിയി മുന്നരദശാബ്ദക്കാലത്തെ സംഭവബഹുല
ായത്തുകളിൽ നടപ്പിലാക്കും മായ പൊതുജീവിതത്തിനൊ അന്ത്യം

ജൂലായി 9–ഒരു പരിക്ഷണമെന്നനിലക്കു
ൽ നന്നായി പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ
കളെ ഭരണം പിടിച്ചെടുക്കാൻ മദ്രാ
ുണ്ടു തീച്ചയാക്കിയിരിക്കുന്നു.

മി രാമസ്വാമിപ
നിവരം പ്രസ്താവി
ന്ന തദ്ദേശഭരണ
ത്തും സംബന്ധിച്ചു
നുസരിച്ചാണ്
ത്രമാനമെടുത്തതെ

ഗ്രാമപഞ്ചായത്തു
ങ്ങൾ, യൂണിൽ പ
ഞ്ചായത്തുകൾക്കു
കണമെന്നാണ്
ടുത്തിയതു.

പി. ടി.

ടിസ്റ്റികാര്യം തീരുമാനത്തിലേക്കു

ഇറാലിയൻ വിദേശകാര്യ മന്ത്രിയുടെ സൂചന

റോം, ജൂലായി 9–യുഗോസ്ലാവ്യയും ഇറാലിയുംതമ്മിൽ 9കൊല്ലമായി താ
ക്കിച്ചുകൊണ്ടിരുന്ന ട്രിസ്റ്റികര്യം തീരുമാനത്തിലെത്താറായിക്കഴിഞ്ഞെന്നു ഇറാലിയൻ വിദേശകാര്യമന്ത്രി സിനോർ പ്ലിയോണി ഇന്നു പ്രസ്താവിക്കുകയുണ്ടായി.

ട്രിസ്റ്റിന്നു മാസങ്ങളോ ആഴ്ചകളോ വേണമെന്നില്ലെന്നു അദ്ദേഹം മേന്വർദ്ദഹ് ഡെപ്യൂട്ടിസിന്റെ വിദേശകാര്യകമ്മിറ്റിയിൽ പ്രസ്താവിക്കുകയുണ്ടായി.

ഒരു ട്രിസ്റ്റിത്തീർപ്പുണ്ടാക്കുന്നതിനുവേണ്ടി യുഗോസ്ലാവ്യക്കു പല ആനുകൂല്യങ്ങളും നൽകുമെന്നറിഞ്ഞ ഇറാലിയൻ ജനതയിലുള്ളിൽ നിലനിന്നിരുന്ന പരിഭ്രമത്തെ പണ്ടുമുണ്ടാക്കിയിരുന്നു.

ട്രിസ്റ്റി വിഷയത്തെപ്പറ്റി, ട്രിസ്റ്റി തുറമുഖം പിടിച്ചടക്കുന്നതിനുവേണ്ടി യുഗോസ്ലാവ്യക്കെതിരെ കേട്ടതോടുകൂടി ട്രിസ്റ്റിയിലെ ജനങ്ങളിൽ അസ്വസ്ഥത കാണപ്പെട്ടു.

ഇ. ഡി സി. അംഗീകരിക്കണമെന്നു ഗവർമ്മെണ്ടു ഖണ്ഡിച്ചുപറഞ്ഞു

മന്ത്രി വിശേകാര്യകമ്മീഷനു മുമ്പാകെയാണു ഇപ്രകാരം പ്രസ്താവിച്ചതു.

റേയ്ട്ടർ

ലാഹോറിൽ സിനിമാപ്രത്യക്ഷ നാർ അറസ്റ്റിൽ

ഇന്ത്യൻ സിനിമക്കെതിരെ പ്രകടനം നടത്തിയതിനു

ലാഹോർ, ജൂലായി 9–പഞ്ചാബിൻ ഫിലിംവ്യവസായത്തെ ബന്ധപ്പെട്ട പ്രസിദ്ധരായ അഞ്ചു സ്ത്രീകളെ ഇന്നു പൊതുരക്ഷാനിയമമനുസരിച്ചു പഞ്ചാബ് പോലീസ് അറസ്റ്റുചെയ്തു കസ്റ്റഡിയിലാക്കിയിരിക്കുന്നു. പ്രൊഡ്യൂസർമാരും ഡയരക്ടർമാരും, നടന്മാരും, സംഗീതകവിശാരദരും ഇവരിൽപെടും. ഷോഷ്യരുകളും, പ്രകടനങ്ങളും നിരോധിക്കുന്ന പൊതുരക്ഷാനിയമത്തിലെ 12ാം വകുപ്പനുസരിച്ചു പ്രവർത്തിച്ചു എന്നാണിവരുടെ മേൽ ഉന്നയിക്കപ്പെട്ട ആരോപണം.

ഇന്നു വൈകുന്നേരം പ്രതിഷേധിപ്പാൻ ഉദ്ദേശിച്ചിരുന്ന ഒരു നൃത്തപരിപാടി ഷൗക്കത്തലി മൈസൂരുപ്പെട്ടുകാണ്ടു പോലീസ് നടത്തിയ ഒരു പ്രകടനത്തെത്തുടർന്നാണ് അറസ്റ്റ് നടന്നതു. സംഭവത്തിനു കാരണമായ പല കാരണങ്ങളാൽ പ്രസ്തുത സിനിമ ഇന്നു പ്രദർശിപ്പിക്കാൻ സാധിച്ചിട്ടില്ല.

പി. ടി.



ഖാൻബഹദ്ദർ പി. എം. മുത്തുകോയ

കോഴിക്കോട്, ജൂലായി 10– മലബാറിലെ ഒരു പ്രസിദ്ധ സെയ്ദ് കുടുംബത്തിലെ അംഗവും പൊതുപ്രമുഖനും ഫാറൂഖ്കോളേജ് മാനേജിങ്കമ്മിറ്റി വൈസ് പ്രസിഡണ്ടുമായ ഖാൻബഹദ്ദർ അൽ ഹാജ് സയ്ദ് അഹ്മദ് ബിൻ ഹസൻ ജിഫ്രി ആറക്കോയതങ്ങൾ എക്സ്–എം. എൽ.എ. ഇന്നു പുലർച്ചെ 5–33ന്നു സംഭവനമായ പുതിയമാളിയക്കൽ വെച്ചു തന്റെ 59ാമത്തെ വയസ്സിൽ നിര്യാതനായി രിക്കുന്നു.

മലബാറിലെ കഴിഞ്ഞ മുന്നരശാബ്ദക്കാലത്തെ പൊതു പ്രവർത്തനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട ജീവിതമാണ് ആറക്കോയത്തങ്ങളുടേതു. 1895 ൽ കോഴിക്കോട്ടു ജനിച്ചത് മതപരവും ചെറുകിടവുമായി സമാനു വിദ്യാഭ്യാസം സിദ്ധിച്ചതിനുശേഷം അദ്ദേഹം പൊതുപ്രവർത്തനങ്ങളിൽ പങ്കെടുത്തുതുടങ്ങി. കോഴിക്കോട്ടെ ഒരു പ്രമുഖ മുസ്ലിംസംഘടനയായ ഹിമായത്തുൽ ഇസ്ലാം സഭയുടെ പ്രസിഡണ്ടായിരുന്നു അദ്ദേഹം. ഈ സഭയാണ് പിന്നീടു മായത്തുൽ ഇസ്ലാം ഹയർ എലിമെന്ററി സ്കൂൾ നടത്തുന്നതു. ഇപ്പോൾ സ്കൂൾ ഒരു ഹൈസ്കൂളാക്കിമാറ്റപ്പെട്ടിരിക്കുന്നു: തങ്ങളുടെ മാതൃപിതാവു കാലംചെയ്തതിനുശേഷം അദ്ദേഹം കുറേക്കാലം അതു ഒരു സൗജന്യഹൈസ്കൂളായി നടക്കുകയും ചെയ്തിരുന്നു.

കോഴിക്കോട്ടെ മുനിസിപ്പൽ കൗൺസിലിൽതൊട്ടു സംസ്ഥാനനിയമസഭവരെയുള്ള സ്ഥാപനങ്ങളിൽ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. കോഴിക്കോട്ടു താലൂക്കു ബോർഡ്അംഗം തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മുസ്ലിം വൈസ്പ്രസിഡണ്ട് അദ്ദേഹമായിരുന്നു 1931 മുതൽ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. ചിന്നിട്ട് അദ്ദേഹം രണ്ടുതവണ മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗമായി. 1937ൽ നടന്ന സംസ്ഥാനനിയമസഭാതിരഞ്ഞെടുപ്പിൽ കോഴിക്കോടു–കുന്നമാട് മുസ്ലിം നിയോജകമണ്ഡലത്തിൽനിന്നു അദ്ദേഹം മത്സരിച്ചു നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. അവിടെ ജനാബ് അബ്ദുൽഹമീദ് ഖാന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മുസ്ലിംലീഗ് എതിർപക്ഷത്തിലെ ഒരു പ്രധാന മെമ്പറായിരുന്നു തങ്ങൾ.

പിൽക്കാലത്തു മുസ്ലിംലീഗുമായി അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിലും ആദ്യകാലത്തെ മുസ്ലിംലീഗിന്റെ പ്രവർത്തനത്തിലും പുരോഗമനത്തിലും തങ്ങൾ സജീവമായ പങ്കുവഹിച്ചിരുന്നു. 1940ൽ കോഴിക്കോട്ടു വെച്ചു നടന്ന: ഫസലുൽഹഖ്ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജിന്നാസ്വീകരണയോഗത്തിലെ സ്വാഗതസംഘാധ്യക്ഷൻ അദ്ദേഹമായിരുന്നു.

സെൻട്രൽ റെയിൽവെ അഡൈസറിബോർഡ്, ഡിസ്ട്രിക്ട്എഡ്യുക്കേഷനൽ കൗൺസിൽ, എന്നീ സ്ഥാപനങ്ങളിൽ അദ്ദേഹം അംഗമായിരുന്നു. ഫാറൂഖ്കോളേജിന്റെ സ്ഥാപനത്തിൽ ആറക്കോയത്തങ്ങൾക്കുള്ള പങ്കു അവിസ്മരണീയമാണു. 1940 മുതൽക്കെ അദ്ദേഹം രോഗബാധിതനായി കിടപ്പിലായിരുന്നുവെങ്കിലും ആ വിശ്രമാലയത്തിൽപ്പോലും അദ്ദേഹം കോളേജിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. കോളേജിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു അദ്ദേഹം എപ്പോഴും ചോദിച്ചുകൊണ്ടുമിരുന്നു. കണ്ണമ്പാറമ്പ്രത്തങ്ങൾ, മമ്മിറാസിക്കുട്ടരിയും ആറക്കോയത്തങ്ങളായിരുന്നു.

ഏറനാടു താലൂക്കിലെ മമ്പുറംമഖാമിന്റെയും അതോടനുബന്ധിച്ചു സ്ഥാപനങ്ങളുടെയും കൈകാര്യകർത്തൃത്വം വഹിച്ചിരുന്നു അദ്ദേഹം ഗവർമ്മെണ്ടു അദ്ദേഹത്തിനു ഖാൻബഹദ്ദർ എന്ന സ്ഥാനം നൽകി ഹജ്കർമ്മം നിർവ്വഹിച്ചതിനു പുറമെ അദ്ദേഹം ഖിലാഫത്തുകമ്മിറ്റിയുടെ പ്രതിനിധിയായി മേസ്സയ്ലെ പല പ്രധാന രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ടു.

കേരളമുസ്ലിം മജ്ലീസ്, കേരളമുസ്ലിം ഐക്യസംഘം എന്നീ സംഘടനകളിലും ആറക്കോയത്തങ്ങൾ സജീവമായി പ്രവർത്തിച്ചിരുന്നു. മജ്ലീസിന്റെ പ്രവർത്തകസമിതി രൂപീകരണയോഗം കോഴിക്കോട്ടു നടന്നപ്പോൾ അതിന്റെ നിലയിൽ മലബാറിൽ നടന്ന മുഴുവൻ മജ്ലീസ് സമ്മേളനങ്ങളിലും അദ്ദേഹം കാര്യമായ പങ്കുവഹിച്ചു. മജ്ലീസിന്റെ സംഘടനമുസ്ലിംലീഗിനു വഴിമാറിക്കൊടുത്തപ്പോഴും അദ്ദേഹം മുസ്ലിംലീഗിലേക്കു പോരുന്നതിനുമുമ്പു കേരളമുസ്ലിം ഐക്യസംഘത്തിന്റെ ഭൂതീയസമ്മേളനത്തിൽ അദ്ദേഹം സ്വാഗതസംഘാധ്യക്ഷനായിരുന്നു. 1920ലെ ഖിലാഫത്തുപ്രസ്ഥാനത്തിലും ആറക്കോയത്തങ്ങൾ പങ്കുവഹിച്ചിരുന്നുവെന്നു വിസ്മരിച്ചുകൂടാത്ത സ്മരണീയമാണു. ഒരുകാലത്തു അദ്ദേഹം മലബാർ ഹജ്കമ്മിറ്റിയുടെ പ്രസിഡണ്ടായിരുന്നു.

മലബാർജില്ലാ മുസ്ലിം വിദ്യാഭ്യാസസംഘത്തിന്റെ വൈസ് പ്രസിഡണ്ടുമായി തങ്ങൾ സേവനമനുഷ്ഠിച്ചിരുന്നു. മലപ്പുറം മുസ്ലിം ഹൈസ്കൂളിൽ പഠിച്ചിരുന്ന കുട്ടികൾക്കു സ്കോളർഷിപ്പ് നൽകുന്ന ഫണ്ടിലേക്കു കാര്യമായി തുക സമാഹരിക്കുന്നതിൽ തങ്ങൾ സജീവമായി പ്രവർത്തിച്ചിരുന്നു. മലപ്പുറം സ്കൂൾ ഹൈസ്കൂൾ സ്ഥാപിക്കുന്നതിൽ അഹോരാത്രം കഠിനപ്രയത്നം ചെയ്തവരിൽ തങ്ങളും മറ്റാരേക്കാളും മുമ്പന്തിയിലായിരുന്നു. പൊന്നാനി മുസ്ലിം സഭയുടെ പ്രവർത്തനങ്ങളിലും സഭാ ഹൈസ്കൂളിന്റെ സ്ഥാപനത്തിലും തങ്ങൾ പങ്കുവഹിച്ചിരുന്നു. മുസ്ലിംവിദ്യാഭ്യാസപരമായും സാമൂഹ്യമായുള്ള പ്രവർത്തനങ്ങളിൽ 1920മുതൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സമുദായനേതാക്കന്മാരിൽ ഒരാൾ നഷ്ടമാണ് തങ്ങളുടെ നിര്യാണമുണ്ടായതു.

(ശേഷം രണ്ടാം പേജിൽ)

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library

സ്പോർട്സ്

പാഴ്—ഡെർബി ഷൂട്ടിംഗ് മാച്ച്

ഡിറ്റാച്ച്മെന്റ് അഭിമാനിക്കുന്നു

മഞ്ചേരി, ജൂലൈ 8—പാലിശ്ശേരി നടന്ന ഡെർബിയും തുടർന്നുള്ള ഫീൽഡ് ഫയറിംഗ് പരിശീലനവും ഇവിടെ ആയി അവസാനിച്ചു. ഡെർബിയിൽ 317: 6 സ്കോർ നേടിയ 12-ാമത് (വർക്കേഴ്സ് ബെറ്റാലിയൻ) ഡിറ്റാച്ച്മെന്റ് 176-ാം 5 മിക്കവാറും 191 മാർക്കും.

സ്വാതന്ത്ര്യ ദിനാഘോഷത്തെപ്പറ്റിയുള്ള വിശദീകരണം

മലപ്പുറം, ജൂലൈ 9—ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ രണ്ടാം വാർഷികം ആഘോഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനുവേണ്ടി ഇന്നലെ കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡിസ്ട്രിക്ട് സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. കെ. കുഞ്ഞിരാമൻ നായർ ഐ.പി.എസ്. ആഘോഷത്തിന്റെ വിശദീകരണം നടത്തി. ഇന്ത്യൻ യൂണിയൻ ഗവൺമെന്റിന്റെ ഉത്തരവനുസരിച്ച് ഈ ദിവസം ഒരു പൊതു അവധിയായിരിക്കുന്നതാണ്. ഈ ദിവസം രാവിലെ 8 മണിക്ക് പതാക ഉയർത്തുന്നതാണ്. തുടർന്ന് പ്രഭാതഭക്ഷണം നൽകുന്നതാണ്. ഉച്ചയ്ക്ക് 12 മണിക്ക് പൊതുയോഗം കൂടുന്നതാണ്. ഈ യോഗത്തിൽ ജില്ലാ കളക്ടർ അധ്യക്ഷത വഹിക്കുന്നതാണ്. ഈ യോഗത്തിൽ വച്ച് ഗവൺമെന്റിന്റെ ഉത്തരവനുസരിച്ച് ഈ ദിവസം ഒരു പൊതു അവധിയായിര